## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 204** **15-10-2024 - ൽ മറുപടിയ്ക്ക്**

## സഹകരണ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക സ്വാധീനമാണ് കാലാകാലങ്ങളായി സഹകരണ സംഘങ്ങൾക്കുള്ളതെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേരള മോഡൽ വികസന മാതൃകയുടെ നട്ടെല്ലാണ് ഇവിടുത്തെ സഹകരണ പ്രസ്ഥാനങ്ങൾ. അടിസ്ഥാന വികസന മേഖലയിൽ കേരളം കൈവരിച്ച വലിയ നേട്ടങ്ങൾക്ക് പിന്നിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് നിർണ്ണായക പങ്കുണ്ട്. കേരളത്തിലെ നവോത്ഥാന മുന്നേറ്റത്തിന്റെയും, സ്വാതന്ത്ര്യ സമരത്തിന്റെയും, കർഷക പുരോഗമന പ്രസ്ഥാനത്തിന്റെയും പ്രവർത്തന ഫലമായാണ് സഹകരണ പ്രസ്ഥാനങ്ങൾക്ക് ശക്തമായ വേരോട്ടം ലഭിച്ചത്. സാധാരണക്കാർക്ക് ജോലി നൽകി ഉയർന്ന ജീവിത നിലവാരം പ്രദാനം ചെയ്യുവാനും സഹകരണ തത്വങ്ങളിൽ നിലയുറപ്പിച്ച് ആഗോള മുതലാളിത്ത ശക്തികൾക്ക് ഒരു ബദലായി പ്രവർത്തിക്കുവാനും കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ സമ്പദ്ഘടനയുടെ പുരോഗതിയ്ക്കായി സഹകരണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു.<br><br>• കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 14 ജില്ലാ സഹകരണ ബാങ്കുകളെയും ലയിപ്പിച്ച് "കേരള ബാങ്ക്" എന്ന ബ്രാൻഡ് നാമത്തിൽ ഒരൊറ്റ സ്ഥാപനമായി മാറ്റുകയും കാർഷിക വ്യാവസായിക മേഖലകളുടെ വളർച്ചക്കായി വിവിധതരം വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. കേരളാ ബാങ്കിൽ ഏറ്റവും ആധുനികമായ ഏകീകൃത സോഫ്റ്റ് വെയർ പ്രവർത്തനം തുടങ്ങിയതിനെ തുടർന്ന് ഡിജിറ്റൽ ബാങ്കിംഗ്, UPI, മൊബൈൽ ബാങ്കിംഗ്, തുടങ്ങിയ ആധുനിക സേവനങ്ങൾ മിതമായ നിരക്കിൽ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിന് കഴിഞ്ഞു. |

- കേരളത്തിലെ കാർഷിക മേഖലയിലെ അടിസ്ഥാന വികസനത്തിന് ഉതകുന്ന വായ്പാ പദ്ധതികൾ, ഗ്രാമീണ മേഖലയിലെ കാർഷിക വികസനത്തിനായുള്ള വായ്പാ പദ്ധതികൾ എന്നിവ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ നടപ്പിലാക്കി വരുന്നു.
- കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക ഘടകമായ കാർഷിക മേഖലയുടെ പുരോഗതിയ്ക്കായി കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിനായി സംസ്ഥാനത്ത് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ പ്രവർത്തിക്കുന്നു.
- നിർമ്മാണ രംഗത്ത് ദേശീയ പാതയുടെയും മറ്റും കരാറുകൾ വരെ എടുക്കാൻ പ്രാപ്തിയുള്ള സംസ്ഥാനത്തെ സഹകരണ സ്ഥാപനമാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം. പ്രസ്തുത സഹകരണ സംഘം ഇരുപതിനായിരത്തിൽപരം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന നിലയിലേയ്ക്കും വൈവിധ്യവൽക്കരണത്തിലേയ്ക്കും വളർന്നു എന്നത് സഹകരണ മേഖലയുടെ സാധ്യതകളിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്.
- സഹകരണ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിനായി സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന ഗുണനിലവാരമുള്ള വിവിധങ്ങളായ 450-ൽ പരം ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തി coopkerala എന്ന ഏകീകൃത ബ്രാൻഡിംഗിൽ കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുത്തിയിട്ടുണ്ട്.
- സഹകരണ മേഖലയിലെ തെരഞ്ഞെടുത്ത 100 ഗുണമേൻമയുള്ള ഉൽപന്നങ്ങൾ, ഒറ്റബ്രാൻഡിന് കീഴിലാക്കി പൊതുട്രേഡ് മാർക്കോടെ ഇ-കോമേഴ്സ് പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവരുന്ന പദ്ധതിയാണ് ഇ- കോമേഴ്സ് പ്ലാറ്റ്ഫോം പദ്ധതി.
- സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും സംരക്ഷിച്ച് സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് “മുറ്റത്തെ മുല്ല” ഗ്രാമീണ ലഘു വായ്പാ പദ്ധതി നടപ്പിലാക്കി.

- കേരളത്തിലെ തീരദേശ ജില്ലകളിലെയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലെയും മത്സ്യതൊഴിലാളികൾക്ക് വായ്പ നൽകുന്നതിനായി സ്നേഹതീരം വായ്പാ പദ്ധതി നടപ്പിലാക്കിവരുന്നു.
- പ്രാഥമിക സഹകരണ ബാങ്ക്/ സംഘങ്ങൾ മുഖേന ചെറുകിട, വഴിയോര കച്ചവടം, ചെറുസംരംഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് വായ്പ നൽകുന്നതിനുമായി 'സഹായ ഹസ്തം' എന്ന വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു.
- കേരള സംസ്ഥാന സഹകരണ ബാങ്ക് / അർബൻ സഹകരണ ബാങ്കുകൾ/ പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേന "സഹകരണം സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.
- പാലക്കാട് ജില്ലയിലെ നെൽകർഷകരെ സംരക്ഷിക്കുവാൻ ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംസ്കരിച്ച് അരിയാക്കി മാറ്റി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സർക്കാർ നിയന്ത്രണത്തിൽ പൊതുമാർക്കറ്റിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ, പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസ്സസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം പ്രവർത്തിച്ചുവരുന്നു. പാലക്കാട് ഒഴികെയുള്ള 13 ജില്ലകളിൽ പ്രവർത്തന പരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം എന്ന സഹകരണ സംഘവും രൂപീകരിച്ചിട്ടുണ്ട്.
- എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയായ പുനർജ്ജനി പദ്ധതി നടപ്പിലാക്കി.
- കാർഷിക അനുബന്ധ മേഖലകളുടെ മത്സര ക്ഷമതയും പ്രവർത്തന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി, 2022-2023 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ്

| | | | |
|---|---|---|---|
| | | | ഇൻ ടെക്നോളജി ഡ്രൈവൺ അഗ്രികൾച്ചർ (Co-operative Initiative in Technology Driven Agriculture (CITA)).<br>• സഹകരണ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന വിവധ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിലൂടെ വിദേശവ്യാപാരം വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു. |
| (ബി) | രാജ്യത്തെ ആകെ സഹകരണനിക്ഷേപത്തിന്റെ എഴുപത് ശതമാനത്തിലധികം കേരളത്തിലാണെന്നത് സംസ്ഥാനത്തിന്റെ സഹകരണ മേഖലയുടെ വിശ്വാസ്യത ഉയർത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | രാജ്യത്ത് സഹകരണ നിക്ഷേപത്തിന്റെ എഴുപത് ശതമാനത്തിലധികം കേരളത്തിലാണെന്നുള്ളത് സംസ്ഥാനത്തെ സഹകരണ മേഖലയുടെ വിശ്വാസ്യതയും സുതാര്യതയും ഉയർത്തുന്നതിന് സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.<br><br>കേരള സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ, അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് "സഹകരണ നിക്ഷേപം നവകേരള നിർമ്മിതിക്കായി" എന്ന മുദ്രാവാക്യത്തോടെ നടത്തിയ 44-ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ഫലമായി 23263.73495 കോടി രൂപയുടെ പുതിയ നിക്ഷേപം സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്. ഇത് സഹകരണ മേഖലയുടെ വിശ്വാസ്യത ഉയർന്നതിന്റെ പ്രധാന തെളിവാണ്. |
| (സി) | വെല്ലുവിളികളെയെല്ലാം അതിജീവിച്ച് പൂർണമായ സാമ്പത്തിക സുരക്ഷിതത്വം നിക്ഷേപകർക്ക് ഉറപ്പുനൽകാൻ സംസ്ഥാനത്തിന്റെ സഹകരണ മേഖലയെ സജ്ജമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. പൂർണ്ണമായ സാമ്പത്തിക സുരക്ഷിതത്വം നിക്ഷേപകർക്ക് ഉറപ്പുനൽകുന്നതിനായി സംസ്ഥാനത്തിന്റെ സഹകരണ മേഖലയെ സജ്ജമാക്കുന്നതിന്റെ ഭാഗമായി നിക്ഷേപ ഗ്യാരന്റി പദ്ധതി-2018, കേരള സഹകരണ പുനരുദ്ധാരണ നിധി പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കേരള ബാങ്കിലെ നിക്ഷേപങ്ങൾക്ക് 5 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്.<br><br>**<u>1.കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി-2018.</u>**<br><br>1969-ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് |

പ്രവർത്തിച്ചുവരുന്നതും നിക്ഷേപ ഗ്യാരന്റി സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപം തിരികെ നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി -2018.

കൂടാതെ ഒരു സംഘം വിവിധ കാരണങ്ങളാൽ തകർച്ചയിലേയ്ക്ക് പോകുന്നുവെന്ന് സഹകരണ വകുപ്പ് കണ്ടെത്തി, സംഘത്തിന്റെ അപേക്ഷയും അംഗീകരിച്ച തിരിച്ചടവ് ഷെഡ്യൂൾ, പുനരുദ്ധാരണ പാക്കേജ് എന്നിവയും സഹിതം സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്ത് നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ സമർപ്പിക്കുന്ന മുറയ്ക്ക് സംഘത്തിന്റെ സെക്യൂരിറ്റികൾ/ ആസ്തികൾ ഈടായി സ്വീകരിച്ചുകൊണ്ട് നിക്ഷേപകർക്ക് നിക്ഷേപം മടക്കി നൽകുന്നതിലേയ്ക്കായി നിശ്ചിത തുക ടി സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി-2018 ന്റെ സ്കീമിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

**2.കേരള സഹകരണ പുനരുദ്ധാരണ നിധി പദ്ധതി.**

സഹകരണ മേഖലയിലെ വായ്പാ സംഘങ്ങളെ സഹായിക്കുന്നതിനായി സംസ്ഥാന സഹകരണവകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് കേരള സഹകരണ പുനരുദ്ധാരണ നിധി പദ്ധതി.

ടി പദ്ധതിയുടെ ലക്ഷ്യം "അസാധാരണ സാഹചര്യങ്ങൾ മൂലം പ്രവർത്തന രഹിതമായ അവസ്ഥയിലുള്ളതോ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ ആയ സഹകരണ സംഘങ്ങൾക്ക് പദ്ധതിയിൽ പരാമർശിക്കുന്ന ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി സാമ്പത്തിക സഹായം നൽകുക" എന്നതാണ്. ടി പദ്ധതി പ്രകാരം സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നത് ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായാണ്.

i. കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും.

ii. പ്രവർത്തന വൈകല്യം, പ്രവർത്തന മൂലധനത്തിന്റെ അഭാവം എന്നിവ മൂലം ബുദ്ധിമുട്ട് നേരിടുന്ന സംഘം ടി പദ്ധതിയിൽ നിന്നുള്ള

| | | | |
|---|---|---|---|
| | | | ധനസഹായത്തിനായി ഒരു പുനരുദ്ധാരണ പദ്ധതി തയ്യാറാക്കി സഹകരണസംഘം രജിസ്ട്രാർ മുഖേന സംസ്ഥാന ഉന്നതതല കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്.<br><br>iii. ദുർബലമായതോ പ്രവർത്തന രഹിതമായതോ എന്നാൽ പ്രവർത്തന സ്ഥിരത നേടാൻ കഴിവുള്ളതോ ആയ സംഘങ്ങളെയാണ് പുനരുദ്ധാരണത്തിനായി പരിഗണിക്കുന്നത്.<br><br>iv. ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന ധനസഹായം തിരിച്ചടയ്ക്കുന്നതിന് 2 വർഷം മോറട്ടോറിയം അനുവദിക്കുന്നതാണ്. തിരിച്ചടവ് കാലാവധി 5 വർഷം മുതൽ 10 വർഷം വരെ ആയിരിക്കും.<br><br>v. കാലാകാലങ്ങളിൽ തിരിച്ചടവ് തവണകളും പലിശ നിരക്കുകളും നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന ഉന്നതതല കമ്മിറ്റിയ്ക്കായിരിക്കും.<br><br>**3. കേരളാ ബാങ്കിലെ നിക്ഷേപങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ**<br><br>ഇതര scheduled ബാങ്കുകളുടേതിന് സമാനമായ രീതിയിൽ കേരള ബാങ്കിന്റെ നിക്ഷേപകർക്ക് DICGC-യുടെ 5 ലക്ഷം രൂപ വരെയുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ട്. ഇതും നിക്ഷേപകർക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് വളരെയധികം സഹായമാണ്. |
| (ഡി) | എപ്പോഴും നിക്ഷേപം തിരികെ കൊടുക്കാൻ കഴിയുന്ന തരത്തിൽ എല്ലാ സഹകരണസംഘങ്ങളും ആവശ്യമായ ലികിഡിറ്റി ഉറപ്പാക്കിയിട്ടുണ്ടോ; സഹകരണ ബാങ്കുകളിലെ നിക്ഷേപത്തിന് സുരക്ഷിതത്വം ഉറപ്പുവരുത്താനായി നിക്ഷേപ ഗ്യാരണ്ടി ബോർഡും സഹകരണ പുനരുദ്ധാരണ നിധിയും രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | സഹകരണസംഘങ്ങൾ ലികിഡിറ്റി ഉറപ്പുവരുത്തുന്നതിലേയ്ക്കായി തരളധനം സൂക്ഷിക്കേണ്ടത് സംബന്ധിച്ച് 1969-ലെ കേരള സഹകരണ സംഘം ചട്ടം, ചട്ടം 63 പ്രകാരം, 1949-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്റ്റിന്റെ പരിധിയിൽ വരാത്തതും നിക്ഷേപം പ്രവർത്തന മൂലധനത്തിന്റെ ഭാഗമായിട്ടുള്ളതുമായ സഹകരണ സംഘങ്ങൾ, സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി തരള ധനം സൂക്ഷിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സഹകരണ സംഘങ്ങളും കാലാവധി പൂർത്തിയായ സ്ഥിര നിക്ഷേപം തിരികെ നൽകുന്നതിന് 100 ശതമാനവും, മൊത്തം ഡിമാന്റിന്റെയും ബാദ്ധ്യതകളുടെയും 20 ശതമാനവും തരള ധനം സൂക്ഷിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ചട്ടത്തിലെ വ്യവസ്ഥകൾക്കനുസൃതമായി തരളധനം സൂക്ഷിക്കുന്നതിന് നിക്ഷേപം സ്വീകരിക്കുന്ന എല്ലാ |

സംഘങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സംഘങ്ങളിൽ ആഡിറ്റ് നടത്തുന്ന അവസരങ്ങളിൽ ആഡിറ്റർമാർ തരളധനം സൂക്ഷിക്കാത്ത സംഘങ്ങളുടെ ആഡിറ്റ് സർട്ടിഫിക്കറ്റിൽ ടി വിവരം ന്യൂനതയായി ഉൾപ്പെടുത്തുകയും ആയത് പരിഹരിക്കുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

1969-ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും നിക്ഷേപ ഗ്യാരന്റി സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപം തിരികെ നൽകുന്നതിനായി സഹകരണ വകുപ്പ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി-2018 നടപ്പിലാക്കിയിട്ടുണ്ട്. ലിക്വിഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായിട്ടാണ് തുക നൽകുന്നത്.

ഒരു സംഘം വിവിധ കാരണങ്ങളാൽ തകർച്ചയിലേയ്ക്ക് പോകുന്നുവെന്ന് സഹകരണ വകുപ്പ് കണ്ടെത്തുന്ന സാഹചര്യത്തിൽ, സംഘത്തിന്റെ അപേക്ഷ അംഗീകരിച്ച് തിരിച്ചടവ് ഷെഡ്യൂൾ, പുനരുദ്ധാരണ പാക്കേജ് എന്നിവ സഹിതം സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്ത് നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ സമർപ്പിക്കുന്ന മുറയ്ക്ക് സംഘത്തിന്റെ സെക്യൂരിറ്റികൾ/ ആസ്തികൾ ഈടായി സ്വീകരിച്ചുകൊണ്ട് നിക്ഷേപകർക്ക് നിക്ഷേപം മടക്കിനൽകുന്ന ആവശ്യത്തിലേയ്ക്കായി നിശ്ചിത തുക ടി സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി 2018 ന്റെ സ്കീമിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

സഹകരണ മേഖലയിലെ വായ്പാ സംഘങ്ങളെ സഹായിക്കുന്നതിനായി കേരള സഹകരണ പുനരുദ്ധാരണ നിധി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. "അസാധാരണ സാഹചര്യങ്ങൾ മൂലം പ്രവർത്തന രഹിതമായ അവസ്ഥയിലുള്ളതോ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ ആയ സഹകരണ സംഘങ്ങൾക്ക് പദ്ധതിയിൽ പരാമർശിക്കുന്ന ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി സാമ്പത്തിക സഹായം നൽകുക" എന്നതാണ് ടി പദ്ധതിയുടെ ലക്ഷ്യം.

സെക്ഷൻ ഓഫീസർ